# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:12.09.2026**

### പ്രധാനവാർത്തകൾ

1. 18-ാമത് ബ്രിക്സ് ഉച്ചകോടിക്ക് ഇന്ന് ന്യൂഡൽഹിയിൽ തുടക്കമാകും. ലോക നേതാക്കൾ രാജ്യതലസ്ഥാനത്ത്; ഭാരത് മണ്ഡപത്തിൽ നടക്കുന്ന ഉച്ചകോടിക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി അധ്യക്ഷത വഹിക്കും.
2. ഉച്ചകോടിയിൽ പങ്കെടുക്കാൻ ചൈനീസ് പ്രസിഡന്റ് ഷി ജിൻ പിംഗ് അല്പം മുൻപ് ഡൽഹിയിലെത്തി; ചൈനയിലെ ഗുവാങ്ഷുവിൽനിന്ന് ഡൽഹിയിലേക്കുള്ള വിമാനസർവീസുകൾ പുനരാരംഭിക്കും.
3. സംസ്ഥാനത്ത് വൈദ്യുതി പ്രതിസന്ധി തുടരുന്ന സാഹചര്യത്തിൽ, ഉയർന്ന വില നൽകി വൈദ്യുതി വാങ്ങാൻ റെഗുലേറ്ററി കമ്മീഷൻ അനുമതി നൽകി.
4. വരൾച്ചാ ഭീഷണിയുടെ പശ്ചാത്തലത്തിൽ പാലക്കാട് ജില്ലയിലെ ഒന്നാം വിള നെൽകൃഷിക്കായി മലമ്പുഴ ഡാം കൂടി തുറക്കാൻ തീരുമാനം.
5. കേന്ദ്ര സർക്കാരിൻറെ അമൃത് പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ തിരുവനന്തപുരം നഗരത്തിലെ 29 കുളങ്ങൾ കോർപറേഷൻ നവീകരിക്കും.
6. നാളെ നടക്കുന്ന ജൂനിയർ ഏഷ്യ കപ്പ് ഹോക്കി ഫൈനലിൽ ഇന്ത്യ ദക്ഷിണ കൊറിയയെ നേരിടും.

&&&&&&&&&&&&&&&&&&&&&&

RNUTVPM

## ബ്രിക്സ് ഉച്ചകോടി (ഇൻട്രോ)

18-ാമത് ബ്രിക്സ് ഉച്ചകോടിക്ക് ഇന്ന് ന്യൂഡൽഹിയിൽ തുടക്കമാകും. ഇന്നും നാളെയുമായി ഭാരത് മണ്ഡപത്തിൽ നടക്കുന്ന ഉച്ചകോടിക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി അധ്യക്ഷത വഹിക്കും. റഷ്യൻ പ്രസിഡന്റ് വ്ലാദിമിർ പുടിൻ, ചൈനീസ് പ്രസിഡന്റ് ഷി ജിൻപിങ്, ഇറാൻ പ്രസിഡന്റ് മസൂദ് പെസെഷ്കിയാൻ ഉൾപ്പെടെയുള്ള രാഷ്ട്രത്തലവന്മാരും വിവിധ രാജ്യങ്ങളുടെ പ്രതിനിധികളും ഉച്ചകോടിയിൽ പങ്കെടുക്കും. **വിശദാംശങ്ങളിലേക്ക്......**

**(വോയ്സ്)**

## ബ്രിക്സ് ഉച്ചകോടി (വോയ്സ്)

പ്രതിരോധശേഷി, നൂതനാശയങ്ങൾ, സഹകരണം, സുസ്ഥിരത എന്നിവ കെട്ടിപ്പടുക്കുക എന്നതാണ് ഉച്ചകോടിയുടെ പ്രമേയം. ഇന്ത്യ, ബ്രസീൽ, റഷ്യ, ചൈന, ദക്ഷിണാഫ്രിക്ക ഉൾപ്പെടെ 11 അംഗരാജ്യങ്ങൾ പങ്കെടുക്കുന്നു. ആഗോള സാമ്പത്തിക രംഗത്തെ അനിശ്ചിതത്വങ്ങൾ നേരിടുന്നതിനുള്ള കൂട്ടായ പ്രവർത്തനം, വ്യാപാരം, നിക്ഷേപം, വിതരണശൃംഖലകളിലെ സഹകരണം എന്നിവ ഉച്ചകോടിയിലെ പ്രധാന ചർച്ചാ വിഷയങ്ങളാണ്. ഭക്ഷ്യ-ഊർജ സുരക്ഷ, ഡിജിറ്റൽ സാങ്കേതികവിദ്യ, നിർമ്മിതബുദ്ധി, നൂതനാശയങ്ങൾ എന്നീ മേഖലകളിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കും. അംഗരാജ്യങ്ങളിലെ സ്റ്റാർട്ടപ്പുകൾ തമ്മിലുള്ള സഹകരണം ശക്തിപ്പെടുത്തുന്നതിനായി സ്റ്റാർട്ടപ്പ് ഇന്നവേഷൻ ഫണ്ട്, ഇൻക്യുബേറ്റർ നെറ്റ്വർക്ക് തുടങ്ങിയ സംരംഭങ്ങളും ചർച്ചയാകും. പശ്ചിമേഷ്യയിലെ സംഘർഷം, റഷ്യ-യുക്രൈൻ സംഘർഷം തുടങ്ങിയ ആഗോള വിഷയങ്ങളും പരിഗണിക്കും. നാളെ ന്യൂഡൽഹി പ്രഖ്യാപനത്തോടെ ഉച്ചകോടി സമാപിക്കും. ന്യൂസ് ഡെസ്ക് ആകാശവാണി.....

**&&&&&&&&&&&&&&&&&&&&&&**

RNU TVPM

## ഷി ജിൻപിങ്

ബ്രിക്സ് ഉച്ചകോടിയിൽ പങ്കെടുക്കാനായി ചൈനീസ് പ്രസിഡൻറ് ഷി ജിൻപിങ് അല്പം മുൻപ് ന്യൂഡൽഹിയിലെത്തി. സഹമന്ത്രി **ജിതിൻ പ്രസാദ**, ന്യൂഡൽഹിയിലെ പാലം വിമാനത്താവളത്തിൽ വച്ച് ചൈനീസ് പ്രസിഡന്റ് **ഷി ജിൻപിങ്ങിനെ** സ്വീകരിച്ചു. പ്രധാനമന്ത്രി നരേന്ദ്രമോദിയുമായി വൈകിട്ട് ചൈനീസ് പ്രസിഡൻറ് ഉഭയകക്ഷി ചർച്ച നടത്തും. ഏഴു വർഷത്തിനുശേഷം ഇന്ത്യയിലെത്തുന്ന ഷി ജിൻപിങ്ങുമായി നടത്തുന്ന ചർച്ചയിൽ പ്രാദേശിക ആഗോള വിഷയങ്ങൾ ചർച്ചയാകും.

&&&&&&&&&&&&&&&&&&&&&&

## വ്യോമഗതാഗതം മെച്ചപ്പെടുന്നു

ബ്രിക്സ് ഉച്ചകോടിയിൽ പങ്കെടുക്കാൻ ചൈനീസ് പ്രസിഡന്റ് ഷി ജിൻപിങ് ഇന്ത്യയിലെത്തുന്നതിന് പിന്നാലെ ഇരുരാജ്യങ്ങളും തമ്മിലുള്ള വ്യോമഗതാഗതം മെച്ചപ്പെടുന്നു. ചൈനയിലെ ഗുവാങ്ഷുവിൽനിന്ന് ഡൽഹിയിലേക്കുള്ള വിമാനസർവീസുകൾ സെപ്റ്റംബർ 21 മുതൽ പുനരാരംഭിക്കുമെന്ന് ചൈന സതേൺ എയർലൈൻസ് അറിയിച്ചു. ആറുവർഷങ്ങൾക്കുശേഷമാണ് ഈ റൂട്ടിൽ വീണ്ടും സർവീസ് ആരംഭിക്കുന്നത്. ഫെബ്രുവരിയിൽ ഡൽഹി-ചൈന സർവീസുകൾ എയർ ഇന്ത്യ പുനരാരംഭിച്ചിരുന്നു.

RNUTVPM

&&&&&&&&&&&&&&&&&&&&&&

## മലേഷ്യൻ പ്രധാനമന്ത്രി

ബ്രിക്സ് ഉച്ചകോടിയുടെ ഭാഗമായി ഇന്ത്യയിലെത്തിയ മലേഷ്യൻ പ്രധാനമന്ത്രി അൻവർ ഇബ്റാഹീം നാളെ കേരളം സന്ദർശിക്കും. കോഴിക്കോട് മർകസ് ക്യാമ്പസിൽ കാന്തപുരം എ.പി അബൂബക്കർ മുസ്ലിയാരുമായി കൂടിക്കാഴ്ച നടത്തുന്ന അദ്ദേഹം അവിടെ പ്രത്യേക പ്രാർഥന സംഗമത്തിൽ സംബന്ധിക്കും. ഇത് രണ്ടാം തവണയാണ് അൻവർ ഇബ്റാഹീം കേരളത്തിലെത്തുന്നത്. പ്രധാനമന്ത്രിയാവുന്നതിന് ഒരു മാസം

മുമ്പ് 2022 സെപ്റ്റംബറിലായിരുന്നു അദ്ദേഹത്തിന്റെ ആദ്യ സന്ദർശനം.

&&&&&&&&&&&&&&&&&&&&&&

## വൈദ്യുതി പ്രതിസന്ധി

സംസ്ഥാനത്ത് വൈദ്യുതി പ്രതിസന്ധി തുടരുന്ന സാഹചര്യത്തിൽ, ഉയർന്ന വില നൽകി വൈദ്യുതി വാങ്ങാൻ സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ അനുമതി നൽകി. ഒക്ടോബർ മുതൽ മെയ് മാസം വരെയുള്ള കാലയളവിൽ ഹ്രസ്വകാല കരാറുകൾ മുഖേന വൈദ്യുതി ലഭ്യമാക്കാനാണ് അനുമതി ലഭിച്ചിരിക്കുന്നത്. അതേസമയം, നിലവിലുള്ള വൈദ്യുതി നിയന്ത്രണങ്ങൾ തൽക്കാലം ഒഴിവാകില്ലെന്നാണ് സൂചന.

&&&&&&&&&&&&&&&&&&&&&&

## മന്ത്രി സണ്ണി ജോസഫ്

RNU TVPM

കേരളത്തിൽ വൈദ്യുതി ലഭ്യത കുറയുകയും ആവശ്യകത വൻതോതിൽ വർധിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ പ്രതിസന്ധി മറികടക്കാൻ സൗരോർജ്ജോത്പാദനവും ബാറ്ററി സ്റ്റോറേജ് സംവിധാനവും വ്യാപകമാക്കുമെന്ന് മന്ത്രി സണ്ണി ജോസഫ്. രാത്രികാലങ്ങളിൽ വീടുകളിൽ സംഭരിക്കുന്ന വൈദ്യുതി കെ.എസ്.ഇ.ബിക്ക് തിരിച്ചുനൽകിയാൽ മികച്ച തുക നൽകുന്നത് സർക്കാർ ആലോചിക്കുമെന്ന് വൈദ്യുതി മന്ത്രി സണ്ണി ജോസഫ്. പുരപ്പുറ സോളാർ പദ്ധതികൾ കൂടുതൽ പ്രോത്സാഹിപ്പിക്കുമെന്നും ഉപഭോക്താക്കളുടെ അവകാശങ്ങളും താൽപ്പര്യങ്ങളും സംരക്ഷിച്ചുകൊണ്ട് മെച്ചപ്പെട്ട സേവനങ്ങൾ നൽകാൻ കെ.എസ്.ഇ.ബി തയ്യാറാകുമെന്നും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&&&&&&

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത" എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം

ചെയ്യുന്നതാണ്. ഇന്ന് 6.30 ൻറെ പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാവുന്നതാണ്.

&&&&&&&&&&&&&&&&&&&&&&

<u>മന്ത്രി അനൂപ് ജേക്കബ്</u>

സംസ്ഥാന സർക്കാരിന്റെ കാര്യക്ഷമമായ ഇടപെടലുകളിലൂടെ വിലക്കയറ്റം പിടിച്ചുനിർത്താൻ സാധിച്ചതായി ഭക്ഷ്യ-പൊതുവിതരണ മന്ത്രി അനൂപ് ജേക്കബ്. സംസ്ഥാന സർക്കാരിന്റെ നൂറുദിന കർമ്മപദ്ധതിയുടെ ഭാഗമായി താനൂർ നിയോജകമണ്ഡലത്തിലെ ഇരിങ്ങാവൂർ മീശപ്പടിയിൽ നവീകരിച്ച സപ്ലൈകോ മാവേലി സൂപ്പർ സ്റ്റോർ നാടിന് സമർപ്പിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

&&&&&&&&&&&&&&&&&&&&&&

<u>മന്ത്രി കെ.എം. ഷാജി</u>

തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി കെ.എം ഷാജി ഇന്ന് മലപ്പുറം ജില്ലയിലെ വിവിധ പരിപാടികളിൽ പങ്കെടുക്കും. സംസ്ഥാന സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി റവന്യൂ വകുപ്പ് നിർമ്മിക്കുന്ന മൂന്ന് സ്മാർട്ട് വില്ലേജ് ഓഫീസുകളുടെ നിർമ്മാണോദ്ഘാടനം മന്ത്രി നിർവഹിക്കും.

RIU TVPM

&&&&&&&&&&&&&&&&&&&&&&

<u>പാലക്കാട് (ഇൻട്രോ)</u>

പാലക്കാട് ജില്ലയിലെ മഴക്കുറവ് മൂലം വരൾച്ച ഭീഷണി നേരിടുന്ന ഒന്നാം വിള നെൽകൃഷിക്കായി മലമ്പുഴ ഡാമും തുറക്കാൻ തീരുമാനം. ഈ മാസം 16 നാണ് ഡാം തുറന്ന് വെള്ളം നൽകാൻ തീരുമാനിച്ചിരിക്കുന്നത്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്...... (വോയ്സ്)**

&&&&&&&&&&&&&&&&&&&&&&

<u>29 കുളങ്ങൾ നവീകരിക്കുന്നു</u>

കേന്ദ്ര സർക്കാരിൻറെ അമൃത് പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ തിരുവനന്തപുരം നഗരത്തിലെ 29 കുളങ്ങൾ കോർപറേഷൻ നവീകരിക്കുന്നു. കാട് മൂടിയതും പായലും ചെളിയും നിറഞ്ഞ്

ഉപയോഗശൂന്യവുമായ കുളങ്ങളാണ് പദ്ധതിയുടെ ഭാഗമായി വൃത്തിയാക്കുന്നത്. 17 കോടി രൂപ ചെലവഴിച്ചാണ് കുളങ്ങൾ വിവിധ ഘട്ടങ്ങളായി കോർപ്പറേഷൻ നവീകരിക്കുന്നത്.

&&&&&&&&&&&&&&&&&&&&&&

<u>ആലപ്പുഴ ദേശീയപാത (ഇൻട്രോ)</u>

സുരക്ഷാ വിലയിരുത്തലുകളും പരിശോധനകളും തുടങ്ങിയിട്ടും ആലപ്പുഴ ദേശീയപാതയിൽ സുരക്ഷാസംവിധാനങ്ങൾ പരിമിതം. **വിശദാംശങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി R രവി കുമാർ....... (വോയ്സ്)**

&&&&&&&&&&&&&&&&&&&&&&

<u>അന്തരിച്ചു</u>

പ്രമുഖ ക്രിക്കറ്റ് താരം ശ്രീശാന്തിൻ്റെ പിതാവും എൽഐസി മുൻ ഉദ്യോഗസ്ഥനുമായ കോതമംഗലം മാതിരപ്പിള്ളി അമ്പാട്ട് കുന്നേൽ തറവാട് വി.ശാന്തകുമാരൻ നായർ അന്തരിച്ചു. 89 വയസ്സായിരുന്നു. സംസ്കാരം ഇന്ന് വൈകിട്ട്.

&&&&&&&&&&&&&&&&&&&&&&

<u>ജൂനിയർ ഏഷ്യകപ്പ് - ഹോക്കി</u>

ചൈനയിലെ മോഖിയിൽ നടക്കുന്ന ജൂനിയർ ഏഷ്യ കപ്പ് ഹോക്കി ആദ്യ സെമിയിൽ മലേഷ്യയെ വീഴ്ത്തി ഇന്ത്യൻ ജൂനിയർ പുരുഷ ടീം ഫൈനലിൽ കടന്നു. നാളെ നടക്കുന്ന ഫൈനലിൽ ഇന്ത്യ ദക്ഷിണ കൊറിയയെ നേരിടും. ഇന്ന് നടക്കുന്ന ജൂനിയർ വനിതാ വിഭാഗം സെമിഫൈനലിൽ ഇന്ത്യ ദക്ഷിണ കൊറിയയെ നേരിടും.

&&&&&&&&&&&&&&&&&&&&&&

<u>യു. എസ് ഓപ്പൺ ടെന്നീസ്</u>

യുഎസ് ഓപ്പൺ ടെന്നിസ് പുരുഷ സിംഗിൾസ് ഫൈനലിൽ ഇടം പിടിച്ച് യുഎസ് താരം ബെൻ ഷെൽട്ടൺ. സെമിയിൽ മറ്റൊരു യുഎസ് താരം ഫ്രാൻസിസ് തിയാഫോയെ തോൽപിച്ചാണ് ബെൻ ഷെൽട്ടൺ ഫൈനൽ ഉറപ്പിച്ചത്. നാളെ നടക്കുന്ന ഫൈനൽ പോരാട്ടത്തിൽ ജർമ്മനിയുടെ അലക്സാണ്ടർ സ്വെരേവാണ് ബെൻ ഷെൽട്ടൺറെ എതിരാളി. ഇന്ന് നടക്കുന്ന

PNU TVPM

വനിതാ സിംഗിൾസ് ഫൈനലിൽ ബെലറൂസ് താരം ആര്യാന സബലേങ്കയും കസാക്കിസ്ഥാന്റെ എലെന റൈബാക്കിനയും തമ്മിൽ ഏറ്റുമുട്ടും.

&&&&&&&&&&&&&&&&&&&&&&

## ടി-20 വനിതാ ക്രിക്കറ്റ്

ടി20 വനിതാ ഏഷ്യാ കപ്പ് ക്രിക്കറ്റ് ഫൈനലിൽ നിലവിലെ ചാമ്പ്യന്മാരായ ശ്രീലങ്ക നാളെ ഇന്ത്യയെ നേരിടും. ദുബായിലാണ് മത്സരം. ഇന്നലെ നടന്ന സെമിഫൈനലിൽ പാകിസ്ഥാനെ നാല് വിക്കറ്റിന് പരാജയപ്പെടുത്തിയാണ് ശ്രീലങ്ക ഫൈനലിൽ പ്രവേശിച്ചത്.

&&&&&&&&&&&&&&&&&&&&&&

## ഇരട്ടക്കുട്ടികളുടെ മരണം

അടിമാലി പഞ്ചായത്തിലെ ഒഴുവത്തടത്ത് ഒരു വയസ്സ് പ്രായമുള്ള ഇരട്ടക്കുട്ടികൾ മരിച്ച സംഭവത്തിൽ പോലീസ് അന്വേഷണം ആരംഭിച്ചു. ഒഴുവത്തടം വലിയകാട്ടിൽ അഫ്സൽ - സാന്ദ്ര ദമ്പതികളുടെ മക്കളായ ഇഹാൻ, റിഹാൻ എന്നിവരാണ് മരിച്ചത്. പെയിന്റിങ്ങിന് ഉപയോഗിക്കുന്ന തിന്നർ അബദ്ധത്തിൽ ഉള്ളിൽ ചെന്നാണ് കുട്ടികൾ മരിച്ചതെന്നാണ് വീട്ടുകാർ നൽകിയ പ്രാഥമിക മൊഴി. സംഭവത്തിൽ പിതാവ് അഫ്സലിനെ പോലീസ് കസ്റ്റഡിയിലെടുത്ത് ചോദ്യം ചെയ്തുവരികയാണ്. പ്രാഥമിക പരിശോധനയിൽ കുട്ടികളുടെ ശരീരത്തിൽ വിഷാംശം കണ്ടെത്തിയിട്ടുണ്ട്. കൂടാതെ, ദമ്പതികൾ തമ്മിൽ കുടുംബപ്രശ്നങ്ങൾ ഉണ്ടായിരുന്നതായും പോലീസിന് വിവരം ലഭിച്ചിട്ടുണ്ട്. വിശദമായ ശാസ്ത്രീയ പരിശോധനകൾക്കും പോസ്റ്റ്മോർട്ടത്തിനും ശേഷം മാത്രമേ മരണ കാരണം വ്യക്തമാകുകയുള്ളൂവെന്നും പോലീസ് അറിയിച്ചു.

RNU TVPM

&&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&

&&&&&&&&&&&&&&&